(ഇ) പ്രസ്തുത ശിപാർശകൾ നടപ്പാക്കുന്നതിന് എന്തെല്ലാം വൈഷമ്യങ്ങളാണ് നേരിടുന്നത് ;

(എഫ്) ഇവ തരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ

(എ) 18-12-2010-ന്

(ബി) അന്യത്ര ചേർത്തിട്ടുണ്ട്.*

(സി-എഫ്) ശിപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്.

കായികരംഗത്ത് മികവു കാട്ടുന്ന സ്കൂളുകൾക്ക് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ ഫണ്ടിൽ നിന്നും പ്രത്യേക സഹായം

18(*108) ശ്രീ. കെ. കുഞ്ഞിക്കാമൻ :
ശ്രീ. എം. ഹംസ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ; കായികാദ്ധ്യാപകരില്ലാത്ത എത്ര സ്കൂളുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ ഫലമായി കൂടുതൽ കായികാദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) കായികരംഗത്തു മികവു കാട്ടുന്ന സ്കൂളുകൾക്ക് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്റെ ഫണ്ടിൽ നിന്നും പ്രത്യേക സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) 11-11-2009-ലെ സ.ഉ. (എം.എസ്)217/09/പൊ.വി.വ. പ്രകാരം ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് ഒന്നാം ക്ലാസ്സു മുതൽ പത്താംക്ലാസ്സുവരെയുള്ള കുട്ടികളെയാണ് ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ സിലബസിന് രൂപം നൽകുവാൻ കമ്മിറ്റി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരം നൽകിയിട്ടുണ്ട്. മന്നു മുതൽ നാലുവരെ ക്ലാസ്സുകളിലെ അദ്ധ്യാപകർക്കായി അദ്ധ്യാപക സഹായി ദൃശ്യവൽക്കരിച്ച് സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. 2011 ജനുവരി മാസം 25-ന് ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ ഔദ്യോഗിക പ്രഖ്യാപനം സംസ്ഥാന/ജില്ലാതലങ്ങളിൽ നടന്നു കഴിഞ്ഞു. കായികക്ഷമത കുറഞ്ഞ വിദ്യാർത്ഥികൾക്ക് വ്യക്തിപരമായി പ്രത്യേക പരിഗണനയും പരിശീലനവും നൽകി കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുകവഴി കുട്ടികളിലെ കായികക്ഷമത വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. കായികക്ഷമതയിൽ മികവ് തെളിയിച്ച കുട്ടികൾക്ക് നൽകുന്ന അവാർഡ്, മെഡൽ, സർട്ടിഫിക്കറ്റുകൾ എന്നിവ കായികക്ഷമത പുലർത്താത്ത മറ്റ് കുട്ടികൾക്ക് പ്രചോദനമാകുന്നതാണ്.

(ബി) യു.പി. വിഭാഗത്തിൽ 500 കുട്ടികൾ ഉണ്ടായിരിക്കുകയും മറ്റ് സ്പെഷ്യലിസ്റ്റ് വിഭാഗം അദ്ധ്യാപകർ ഇല്ലാതിരിക്കുകയും ചെയ്താൽ ഒരു കായികാദ്ധ്യാപകനെ നിയമിക്കാവുന്നതാണ്. ഹൈസ്കൂൾ വിഭാഗത്തിൽ ആഴ്ചയിൽ അഞ്ച് പിരീഡുണ്ടെങ്കിൽ ഒരു കായികാദ്ധ്യാപകനെ നിയമിക്കാവുന്നതാണ്. കായികാദ്ധ്യാപകരില്ലാത്ത സ്കൂളുകളുടെ കൃത്യമായ എണ്ണം കണക്കാക്കിയിട്ടില്ല.

(സി) കായികാദ്ധ്യാപകരുടെ സേവനം ക്ലബ്ബിംഗ് അറേഞ്ചുമെന്റ് വഴി എല്ലാ സ്കൂളുകളിലും ലഭ്യമാക്കുവാനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു.

(ഡി) കായികരംഗത്ത് മികവ് കാട്ടുന്ന സ്കൂളുകൾക്ക് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ ഫണ്ടിൽ നിന്നും പ്രത്യേക സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കായികരംഗത്ത് മികവ് കാട്ടിയ 100 സർക്കാർ ഹൈസ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരു ലക്ഷം രൂപ വീതം കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

ഭവന നിർമ്മാണ ബോർഡ് നടപ്പാക്കുന്ന പദ്ധതികൾ

19(*108) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവന നിർമ്മാണ ബോർഡ് ഇപ്പോൾ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ; വിശദാംശം നൽകുമോ ;

(ബി) പൊതു-സ്വകാര്യ സംരംഭകരുമായി ചേർന്ന് ഭവന നിർമ്മാണ ബോർഡിന്റെ സ്ഥലങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly